**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 95** **10-10-2024 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേനയുള്ള തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. എ. രാജ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന തൊഴിലവസരങ്ങൾ ലഭ്യമാക്കിയതിന്റെ വിശദാംശം നൽകാമോ; | (എ) | ഈ സർക്കാർ വന്നശേഷം (2021 മെയ് 20 മുതൽ 2024 മെയ് 31 വരെ) ആകെ **38,308** പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലകളിൽ **എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്പ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ, നിയുക്തി മെഗാ ജോബ് ഫെയർ എന്നിവ** മുഖേന **46,383** പേർക്കും തൊഴിലവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമുഖേന നൽകിയ തൊഴിലവസരങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് (2016 മേയ് മുതൽ 2021 മേയ് 31 വരെ) ആകെ **55,352** പേർക്ക് **(സ്ഥിരം - 11,192, താൽക്കാലികം - 44,160)** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലകളിൽ **എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്പ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ, നിയുക്തി മെഗാ ജോബ് ഫെയർ എന്നിവ** മുഖേന **45,162** പേർക്കും തൊഴിലവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടം സംഭവിച്ച് നാട്ടിലെത്തിയ പ്രവാസികൾക്കായി രൂപീകരിച്ച വെർച്വൽ പ്രവാസി പോർട്ടൽ വിജയകരമായിരുന്നോ എന്നറിയിക്കുമോ; | (സി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടം സംഭവിച്ച് നാട്ടിലെത്തിയ പ്രവാസികൾക്കായി എംപ്ലോയ്മെന്റ് വകുപ്പ് മുഖേന രൂപീകരിച്ച വെർച്വൽ പ്രവാസി പോർട്ടൽ വിജയകരമായി തുടർന്ന് വരുന്നു. |
| (ഡി) | ഈ സർക്കാർ വന്നശേഷം വിവിധ തൊഴിൽ പദ്ധതികളിലൂടെ വിതരണം ചെയ്ത വായ്പയും സഹായങ്ങളും വിവരിക്കുമോ? | (ഡി) | നാഷണൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന കെസ്റു, മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ് / ജോബ് ക്ലബ്ബ്, ശരണ്യ, നവജീവൻ, കൈവല്യ എന്നീ സ്വയം തൊഴിൽ പദ്ധതികൾ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിതരണം ചെയ്ത വായ്പാ / സബ്സിഡി തുകകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**1. കെസ്റു(കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)**

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെസ്റു സ്വയം തൊഴിൽ പദ്ധതിപ്രകാരം **1254** സംരംഭകർക്ക് ആകെ **2,24,88,126/-രൂപ** സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

| സാമ്പത്തിക വർഷം | ഗുണഭോക്താക്കൾ | സബ്സിഡി |
|---|---|---|
| 2021-22 | 444 | 79,97,048/- |
| 2022-23 | 417 | 74,19,849/- |
| 2023-24 | 300 | 53,63,029/- |
| 2024-25 | 93 | 17,08,200/- |
| **ആകെ** | **1254** | **2,24,88,126/-** |

**2. മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്**

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ് സ്വയം തൊഴിൽ പദ്ധതിപ്രകാരം **118** സംരംഭങ്ങൾക്ക് **ആകെ 1,85,52,089/-രൂപ** സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

| സാമ്പത്തിക വർഷം | ഗുണഭോക്താക്കൾ | സബ്സിഡി |
|---|---|---|
| 2021-22 | 44 | 68,00,000/- |
| 2022-23 | 49 | 76,50,000/- |
| 2023-24 | 19 | 28,70,148/- |
| 2024-25 | 6 | 12,31,941/- |
| **ആകെ** | **118** | **1,85,52,089/-** |

### 3. <u>ശരണ്യ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വയം തൊഴിൽ പദ്ധതിപ്രകാരം **9534 അശരണരായ വനിതകൾക്ക് ആകെ 46,22,33,590/-രൂപ** പലിശരഹിത വായ്പ അനുവദിച്ചിട്ടുണ്ട്.

| സാമ്പത്തിക വർഷം | ഗുണഭോക്താക്കൾ | വായ്പ |
|---|---|---|
| 2021-22 | 3586 | 18,00,00,000/- |
| 2022-23 | 2995 | 13,29,85,000/- |
| 2023-24 | 1999 | 9,99,29,965/- |
| 2024-25 | 954 | 4,93,18,625/- |
| **ആകെ** | **9534** | **46,22,33,590/-** |

### 4. <u>നവജീവൻ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നവജീവൻ സ്വയം തൊഴിൽ പദ്ധതിപ്രകാരം **1214** സംരംഭകർക്ക് **ആകെ 1,49,95,000/-രൂപ** സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

| സാമ്പത്തിക വർഷം | ഗുണഭോക്താക്കൾ | സബ്സിഡി |
|---|---|---|
| 2021-22 | 325 | 40,00,000/- |
| 2022-23 | 329 | 40,00,000/- |
| 2023-24 | 320 | 39,95,000/- |
| 2024-25 | 240 | 30,00,000/- |
| **ആകെ** | **1214** | **1,49,95,000/-** |

5. <u>കൈവല്യ</u>

ഈ സർക്കാർ 2021 ൽ അധികാരത്തിൽ വന്ന ശേഷം, **1814** ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പ്പ അനുവദിക്കുകയും, ആയതിലേക്കായി **9,06,30,000/- രൂപ** ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **സാമ്പത്തിക വർഷം** | **ഗുണഭോക്താക്കളുടെ എണ്ണം** | **അനുവദിച്ച വായ്പ/സബ്സിഡി തുക** |
|---|---|---|---|
| 1. | 2021-22 | 1326 | **6,62,80,000/-** |
| 2. | 2022-23 | 278 | **1,38,50,000/-** |
| 3 | 2023-24 | 210 | **1,05,00,000/-** |
| **ആകെ** | | **1814** | **9,06,30,000/-** |

Kavitha I

**സെക്ഷൻ ഓഫീസർ**